**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4252** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് സെക്രട്ടറിയ്ക്കും നികുതി വകുപ്പ് കമ്മീഷണർക്കുമെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റേയോ പട്ടികജാതി കമ്മീഷന്റേയോ ഉത്തരവുകൾ മനഃപൂർവ്വം പാലിക്കാതിരുന്നതിന്റെ പേരിൽ കോടതിയലക്ഷ്യ നടപടികൾ എന്തെങ്കിലും ഉണ്ടാക്കുകയോ നിലനിൽക്കുകയോ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതെല്ലാം കേസുകളിലാണ് കോടതിയലക്ഷ്യ നടപടികൾ ഉണ്ടാക്കുകയോ നിലനിൽക്കുകയോ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | I) അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ ശ്രീ. ലിനുരാജ് ഇ. ജി സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം ബെഞ്ച് മുൻപാകെ OA No. 402/2022 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 06.10.2022-ലെ ഇടക്കാല ഉത്തരവുമായി ബന്ധപ്പെട്ട് നികുതി കമ്മീഷണർക്കെതിരെ ബഹു. ട്രിബ്യൂണൽ കോടതിയലക്ഷ്യ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 06/10/2022 ലെ ഉത്തരവ് പരിശോധിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>II) സ്റ്റേറ്റ് ടാക്സ് ഓഫീസർ ശ്രീമതി. പുഷ്പാറാണി. എൽ മുൻകാല പ്രാബല്യത്തോടെ പ്രസ്തുത തസ്തികയിൽ പ്രൊമോഷൻ അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ O.A No. 1919/2019 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 26/09/2022-ലെ ഉത്തരവ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നികുതി സെക്രട്ടറിയ്ക്കെതിരെ കോടതിയലക്ഷ്യ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>III) ശ്രീ. എ. വി. സുരേഷ്, ജോയിന്റ് കമ്മീഷണർ, 2019-ൽ തയ്യാറാക്കിയ ജോയിന്റ് കമ്മീഷണർ തസ്തികയിൽ പ്രൊമോഷനു വേണ്ടിയുള്ള select list ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No. 1528/2020 ൽ 25/01/2021 തീയതിയിലെ ഉത്തരവുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മേൽസൂചിപ്പിച്ച പ്രകാരം കോടതിയലക്ഷ്യ നടപടികൾ ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) | I) അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ ശ്രീ. ലിനുരാജ് ഇ. ജി സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം ബെഞ്ച് മുൻപാകെ OA No. 402/2022 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 06.10.2022-ലെ ഇടക്കാല ഉത്തരവുമായി ബന്ധപ്പെട്ട് നികുതി കമ്മീഷണർക്കെതിരെ ബഹു. ട്രിബ്യൂണൽ കോടതിയലക്ഷ്യ |

| | | | |
|---|---|---|---|
| | | | നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 06/10/2022 ലെ ഉത്തരവ് പരിശോധിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>II) സ്റ്റേറ്റ് ടാക്സ് ഓഫീസർ ശ്രീമതി. പുഷ്പാറാണി. എൽ മുൻകാല പ്രാബല്യത്തോടെ പ്രസ്തുത തസ്തികയിൽ പ്രൊമോഷൻ അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ O.A No. 1919/2019 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 26/09/2022-ലെ ഉത്തരവ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് നികുതി സെക്രട്ടറിയ്ക്കെതിരെ കോടതിയലക്ഷ്യ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>III) ശ്രീ. എ. വി. സുരേഷ്, ജോയിന്റ് കമ്മീഷണർ, 2019-ൽ തയ്യാറാക്കിയ ജോയിന്റ് കമ്മീഷണർ തസ്തികയിൽ പ്രൊമോഷനു വേണ്ടിയുള്ള select list ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No. 1528/2020 ൽ 25/01/2021 തീയതിയിലെ ഉത്തരവുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കോടതിയലക്ഷ്യ നടപടികൾക്കെതിരെ ഏതെങ്കിലും കേസുകളിൽ ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ സമ്പാദിച്ചിട്ടുണ്ടോ; | (സി) | I) OA No. 402/2022-ൽ 06.10.2022-ലെ ട്രിബ്യൂണൽ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്.<br><br>II) OA No.1919/2019-ലെ 26/09/2022-ലെ ഉത്തരവിനെതിരെ ഗവൺമെന്റ് ബഹു. ഹൈക്കോടതിയിൽ OP(KAT) No.152/2023 ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്.<br><br>III) OA No. 1528/2020-ൽ 25/01/2021-ലെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | സ്റ്റേ സമ്പാദിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | I) OA No. 402/2022-ൽ 06.10.2022-ലെ ട്രിബ്യൂണൽ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്.<br><br>II) OA No.1919/2019-ലെ 26/09/2022-ലെ ഉത്തരവിനെതിരെ ഗവൺമെന്റ് ബഹു. ഹൈക്കോടതിയിൽ OP(KAT) No.152/2023 ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്.<br><br>III) OA No. 1528/2020-ൽ 25/01/2021-ലെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) | ജി.എസ്. ടി. വകുപ്പുമായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഡി.പി.സി.) യിൽ വിജിലൻസ് അന്വേഷണം നടക്കുന്നു എന്ന കാരണത്താൽ പ്രൊമോഷൻ നൽകുന്നതിൽ ടി വകുപ്പിലെ ഉദ്യോഗസ്ഥരെ 2019 മുതൽ മാറ്റി നിർത്തിയ എത്ര കേസുകൾ | (ഇ) | 7 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് നിലനിൽക്കുന്നതിനാലും, അന്വേഷണം നടക്കുന്നു എന്ന കാരണത്താലും 2019 മുതൽ DPC പ്രൊമോഷന് പരിഗണിച്ചിട്ടില്ല.<br><br><table><tr><th>വർഷം</th><th>പേര്</th><th>തസ്തിക</th></tr><tr><td>2019</td><td>ശ്രീ. രാജേഷ്</td><td>സ്റ്റേറ്റ് ടാക്സ് ഓഫീസർ</td></tr></table> |

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

| | | |
|---|---|---|
| | പാലമറ്റം | |
| | ശ്രീ.ജയറാം. കെ.എസ് | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| 2020 | ശ്രീ. രാജേഷ് പാലമറ്റം | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ജയറാം. കെ.എസ് | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ഡേവിഡ് ബെന്നി | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| 2021 | ശ്രീ. രാജേഷ് പാലമറ്റം | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ജയറാം കെ.എസ് | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ഡേവിഡ് ബെന്നി | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ലിനുരാജ്. ഇ.ജി | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. സതീശൻ കെ.വി | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| 2022 | ശ്രീ. രാജേഷ് പാലമറ്റം | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ജയറാം കെ.എസ് | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീമതി. പുഷ്പാറാണി | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ഡേവിഡ് ബെന്നി | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ലിനുരാജ്. ഇ.ജി | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. സതീശൻ കെ.വി. | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| 2023 | ശ്രീമതി. ശ്രീബിന്ദു.കെ | ഡെപ്യൂട്ടി കമ്മീഷണർ |
| | ശ്രീ. രാജേഷ് പാലമറ്റം | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ജയറാം കെ.എസ് | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീമതി. പുഷ്പാറാണി | സ്റ്റേറ്റ് ടാക്സ് ഓഫീസർ |
| | ശ്രീ. ഡേവിഡ് ബെന്നി | അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ |

| | | | |
|---|---|---|---|
| (എഫ്) | അപ്രകാരം വിജിലൻസ് അന്വേഷണം നടക്കുന്നു എന്ന കാരണത്താൽ ഉദ്യോഗസ്ഥരെ വകുപ്പുതല സ്ഥാനക്കയറ്റം നിർണ്ണയിക്കുന്ന യോഗത്തിൽ ഉൾപ്പെടുത്താതിരിക്കുന്നത് കേരള ഹൈക്കോടതിയുടെ ഒ.പി. 336/2019 സ്റ്റേറ്റ് ഓഫ് കേരള vs ബാബുപ്രസാദ് ബി എന്ന കേസിലെ വിധിന്യായത്തിനും യൂണിയൻ ഓഫ് ഇന്ത്യ vs കെ.വി. ജാനകി രാമൻ എന്ന കേസിലെ ബഹു. പരമോന്നത നീതിപീഠത്തിന്റെ വിധിന്യായത്തിനും എതിരാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (എഫ്) | KS&SSRs, റൂൾ 28(b)(1) പ്രകാരം Departmental Promotion Committee യാണ് പ്രൊമോഷൻ സംബന്ധിച്ച് അന്തിമ തീരുമാനം സ്വീകരിക്കേണ്ടത്. |
| (ജി) | മേൽപ്രകാരം അന്യായമായി ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നിഷേധിച്ച കാര്യത്തിൽ ജി.എസ്.ടി. കമ്മീഷണറേറ്റിലെ ഡെപ്യൂട്ടി കമ്മീഷണർ-I പേഴ്സണൽ അഡ്മിനിസ്ട്രേഷൻ എന്ന തസ്തിക വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് എന്തെങ്കിലും അലംഭാവമോ കൃത്യവിലോപമോ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ജി) | ഇല്ല. |

സെക്ഷൻ ഓഫീസർ